# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6478 11.07.2012 -ൽ മറുപടിയ്ക്ക്**

**<u>തലസ്ഥാന നഗരിയിലെ അനധികൃത സർവ്വേ</u>**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ എം. പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ പി. കെ. ബഷീർ<br>ശ്രീ സി. മോയിൻകുട്ടി<br>ശ്രീ എം. ഉമ്മർ | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർ കൂട്ടായി താമസിക്കുന്ന തലസ്ഥാന നഗരിയിലെ ചില പ്രദേശങ്ങളിൽ മുൻ സർക്കാരിന്റെ കാലത്ത് അനധികൃത സർവ്വേ നടത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ആയതിനെക്കുറിച്ച് നടത്തിയ അന്വേഷണഫലമെന്താണെന്ന് വിശദമാ ക്കുമോ ; | (ബി) Socio Economic Unit Foundation എന്ന റിസർച്ച് ഏജൻസി 2011 ഡിസംബറിൽ ചെറിയതുറ, ബീമാപള്ളി എന്നീ സ്ഥലങ്ങളിൽ ആൾക്കാരുടെ ശുചിത്വത്തെ പറ്റിയുള്ള ഒരു സർവ്വേ നടത്തിയിട്ടുണ്ട്.<br><br>ആൾക്കാരിൽ നിന്ന് സമ്മതപത്രം വാങ്ങി അവർക്ക് മൈക്രോചിപ് പതിച്ച സോപ്പും, മറ്റും നല്കിയശേഷം മൂന്നു നാലു ദിവസം ഉപയോഗിച്ചിട്ട് തിരികെകൊടുക്കണമെന്നു നിർദ്ദേശിച്ചിരുന്നു. സർവ്വേ നടത്തിയവർ ഓരോ കുടുബത്തിനും 400/ രൂപാ വീതം നല്കുകയും ചെയ്തു. ആൾക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലെ ആരോഗ്യ ശുചിത്വ പരിപാലനത്തെ പറ്റിയായിരുന്നു സർവ്വെ. ഇതു സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.<br><br>02.10.2010 - ൽ TNS India Private Ltd.എന്ന കമ്പനിയുടെ ഫീൽഡ് വർക്കേഴ്സ് ആയ 4 സ്ത്രീകൾ, മുസ്ലീം സമുദായക്കാർ കൂട്ടതലായി താമസിക്കുന്ന കരിമഠം കോളനിയിലും ഫ്രണ്ട്സ് നഗറിലും സർവ്വെ നടത്തുകയുണ്ടായി. ഇതു സംബന്ധിച്ച് ഫോർട്ട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1041/2010 u/s 153 B 1(c) & 34 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്. ടി കേസിന് ആസ്പദമായ സർവ്വെ TNS India Private Ltd.എന്ന കമ്പനിയെ ഏല്പിച്ചത് ഒരു വിദേശ സ്ഥാപനമാണെന്ന് മനസ്സിലാക്കിയിട്ടുണ്ട്. അന്വേഷണം തുടർന്നു വരികയാണ്. |

സി) പ്രസ്തുത സർവ്വേ നടത്തിയവരെ പിടികൂടിയിട്ടുണ്ടോ ; എങ്കിൽ അവർ ആരൊക്കെയാണ് ; അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു ;

(സി) കരിമഠം കോളനിയിലും ഫ്രണ്ട്സ് നഗറിലും സർവ്വെ നടത്തിയവരെ പിടികൂടിയിട്ടുണ്ട്.

1.സോണിയ സേവ്യർ 2.ടെൽമ ജോൺസൺ 3.മീനാ സ്റ്റാൻലി 4.സിമിമോൾ എന്നിവരാണ് സർവ്വെ നടത്തിയത്. ചുമതലപ്പെടുത്തിയ ജോലിയുടെ പിന്നിലുള്ള ഉദ്ദേശ ലക്ഷ്യം ഇവർക്ക് അറിയില്ലായിരുന്നു എന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ട് നാലു സ്ത്രീകളേയും ജാമ്യത്തിൽ വിട്ടയച്ചതാണ്. തുടർന്നുള്ള അന്വേഷണത്തിൽ ഇവരെ ചുമതലപ്പെടുത്തി അയച്ച TNS കമ്പനിയുടെ കൊച്ചി ശാഖാ മാനേജർ സന്തോഷ്, എക്സിക്യൂട്ടീവ് ഡയറക്ടർ ദീപക് സക്സേന, കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ നീരജ ബാബുലു എന്നിവരെ പ്രതിസ്ഥാനത്ത് ചേർത്ത് അന്വേഷണം നടത്തി വരുകയാണ്.

ഡി) ആർക്ക് വേണ്ടിയാണ് ഈ സർവ്വേ നടത്തിയതെന്നും ആയതിന്റെ ഉദ്ദേശം എന്തായിരുന്നുവെന്നും കണ്ടെത്തിയിട്ടുണ്ടോ ?

(ഡി) UK യിലുള്ള Intertek CRS Ltd., SEUF, Unilever Research Medicine UK and London School of Hygiene and Tropical Medicine U.K എന്നീ ബഹുരാഷ്ട്ര കമ്പനികൾക്ക് വേണ്ടിയാണ് ചെറിയതുറയിലും ബീമാപള്ളിയിലും സർവ്വെ നടത്തിയത്. ആൾക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലെ ആരോഗ്യ ശുചിത്വപരിപാലനത്തെപ്പറ്റിയായിരുന്നു സർവ്വെ. അമേരിക്കയിൽ പ്രവർത്തിക്കുന്ന Princeton Survey Research Associates എന്ന സ്ഥാപനത്തിനുവേണ്ടിയാണ് കരിമഠം കോളനിയിലും ഫ്രണ്ട്സ് നഗറിലും സർവ്വെ നടത്തിയത്. സാമൂഹിക പ്രശ്നങ്ങളിൽ മതവിഭാഗങ്ങളുടെ സമീപനം അറിയുക എന്നതാണ് പ്രസ്തുത സർവ്വെയുടെ ഉദ്ദേശ്യം എന്ന് മനസ്സിലാക്കുന്നു. അന്വേഷണം നടന്നുവരികയാണ്.

സെക്ഷൻ ഓഫീസർ